LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയുടെ വികസന പദ്ധതിക്ക് വനഭൂമി

62 [2031] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസന പദ്ധതിക്കായി ഫോറസ്റ്റ് ഭൂമി വിട്ടു നൽകണമെന്ന ആവശ്യത്തിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ വനഭൂമിയാണ് ദേവസ്വം ബോർഡും വാട്ടർ അതോറിറ്റിയും ആവശ്യപ്പെട്ടിരിക്കുന്നതെന്നറിയിക്കാമോ;

(സി) വനഭൂമി അനുവദിക്കുന്നതിന് കേന്ദ്ര അനുമതി ആവശ്യമാണോ;

(ഡി) പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ വികസന ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുകൊടുക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ ദേവസ്വം ബോർഡിന്റെ കൈവശമിരിക്കുന്ന ഭൂമിയുൾപ്പെടെ 500 ഹെക്ടർ സ്ഥലം അനുവദിക്കുന്നതിനും ആയത് പെരിയാർ ടൈഗർ റിസർവ്വിൽ നിന്നും വേർപെടുത്തുന്നതിനും ഉത്തരവുണ്ടാകണമെന്ന് ദേവസ്വം ബോർഡ് പാർലിമെന്റിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുഖാന്തിരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

(ബി) ദേവസ്വം ബോർഡ് 500 ഹെക്ടർ വനഭൂമിയും, വാട്ടർ അതോറിറ്റി 0.60 ഹെക്ടർ വനഭൂമിയും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വനഭൂമി അനുവദിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്.

(ഡി) കേന്ദ്ര ഗവണ്മെന്റ് ആണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

ഹിന്ദു ധർമ്മസ്ഥാപന വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നടത്തിപ്പ്

63 [2032] ശ്രീ. എൻ. ശക്തൻ:
,, കെ. മുഹമ്മദലി:
,, എ. പി. അനിൽകുമാർ:
,, സി. പി. മുഹമ്മദ്:
,, വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദു ധർമ്മ സ്ഥാപന വകുപ്പിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട്; ഈ വകുപ്പിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ട്;